Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 25 | 2018 ജൂൺ 10 | 1193 ഇടവം 27

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"ഒരു ചെറിയ ജീവിയിൽ നിന്നുപോലും പഠിക്കാനുണ്ട്. എല്ലാറ്റിൽനിന്നും പഠിച്ച് തന്റെ പ്രവൃത്തികൊണ്ട് ഒരാളെയെങ്കിലും നന്നാക്കും എന്നൊരു വാശി പുലർത്തണം."

# നാടിനു ധന്യത പകർന്ന്

# അഭിവന്ദ്യ ശിഷ്യപൂജിതയുടെ കൊട്ടാരക്കര തീർത്ഥയാത്ര



അഭിവന്ദ്യ ശിഷ്യപൂജിത ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ബ്രാഞ്ചിൽ എത്തിയപ്പോൾ

**കൊട്ടാരക്കര:** അഭിവന്ദ്യ ശിഷ്യപൂജിത നടത്തിയ കൊട്ടാരക്കര തീർത്ഥയാത്ര ആത്മബന്ധുക്കൾക്ക് ധന്യതയുടെ നിറവ് പകർന്നു നല്കി. മൂന്നു ദിവസത്തെ തീർത്ഥയാത്രയിൽ അഞ്ഞൂറോളം ആത്മബന്ധുക്കളാണ് സന്ന്യാസി സന്ന്യാസിനിമാരെ കൂടാതെ ശിഷ്യപൂജിതയെ അനുഗമിച്ചിരുന്നത്. ഗുരു എന്ന മഹിമാതിരേകത്തിനൊപ്പം യാത്ര ചെയ്യാൻ ലഭിച്ച അസുലഭാവസരം പുണ്യാർജ്ജിതമാക്കുന്നതിന് പ്രാർത്ഥനാപൂർവ്വം ഒരുങ്ങിയെത്തിയ ആത്മബന്ധുക്കളും എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നല്കിക്കൊണ്ട് കൊട്ടാരക്കരയിലെ പ്രവർത്തകരും പ്രത്യേകിച്ച് ശാന്തിമഹിമ പ്രവർത്തകരും ഈ ധന്യയാത്രയെ അവിസ്മരണീയമാക്കി. കേരള പോലീസിന്റെ പ്രത്യേക സുരക്ഷാ അകമ്പടിയും അഭിവന്ദ്യ ശിഷ്യപൂജിതയ്ക്കും തീർത്ഥാടകർക്കുമുണ്ടായിരുന്നു.

ജൂൺ 2 ശനിയാഴ്ച രാവിലെ 8.45 ന് പ്രാർത്ഥനാസങ്കല്പങ്ങൾക്ക് ശേഷം കേന്ദ്രാശ്രമത്തിൽ നിന്നു പുറപ്പെട്ട അഭിവന്ദ്യ ശിഷ്യപൂജിത 11.15 ന് കൊട്ടാരക്കര ആനക്കൊട്ടൂരിലുള്ള നടുവത്ത് ജി. ജഗന്നാഥന്റെ 'കൃഷ്ണാലയം' ഭവനത്തിലേക്കാണ് ആദ്യമെത്തിയത്. അവിടെ അല്പസമയത്തെ വിശ്രമത്തിനുശേഷം 12.40 മണിയോടെ സമീപത്തുതന്നെയുള്ള എസ്. ശ്രീകുമാറിന്റെ പുതിയ ഭവനമായ 'ഗുരുസന്തോഷ'ത്തിലെത്തി ഗൃഹപ്രവേശന കർമ്മം നിർവഹിച്ചു. തുടർന്ന് ഉച്ചഭക്ഷണത്തിനും വിശ്രമത്തിനും ശേഷം അവിടെ നിന്നും കാരുവേലിലുള്ള ജി. മോഹനചന്ദ്രന്റെ ഗുരുസൂക്തം ഭവനത്തിലേക്ക് പുറപ്പെട്ടു. മൂന്നുമണിയോടെ ഗുരുസൂക്തത്തിലെത്തി. വിശ്രമത്തിനുശേഷം കൊട്ടാരക്കര ബ്രാഞ്ചാശ്രമത്തിലേക്കു തിരിച്ച ശിഷ്യപൂജിത വൈകുന്നേരം 4.45 ന് ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ബ്രാഞ്ചിൽ എത്തിച്ചേർന്നു.

കൊട്ടാരക്കര ബ്രാഞ്ചാശ്രമത്തിൽ അഭിവന്ദ്യ ശിഷ്യപൂജിതയ്ക്ക് ഭക്ത്യാദരപൂർവ്വം വരവേല്പ് നല്കി. സന്ന്യാസിമാരും ആത്മബന്ധുക്കളും ചേർന്ന് പൂർണ്ണകുംഭം നല്കിയാണ് ശിഷ്യപൂജിതയെ സ്വീകരിച്ചത്. ബ്രാഞ്ചാശ്രമത്തിനു മുന്നിലായി മുത്തുക്കുടകളും ദീപങ്ങളും ഏന്തിയ നൂറുകണക്കിന് ആത്മബന്ധുക്കൾ അഭിവന്ദ്യ ശിഷ്യപൂജിതയെ സ്വീകരിക്കാൻ കാത്തുനിന്നിരുന്നു. ശിഷ്യപൂജിത എത്തിയതോടെ ആശ്രമാങ്കണം ഗുരുനാമമന്ത്രങ്ങളാൽ മുഖരിതമായി. തുടർന്ന് ഗുരുദർശനവും ഗുരുപാദവന്ദനവും വിവിധ സമർപ്പണങ്ങളും നടന്നു.

ഞായറാഴ്ച രാവിലെ പത്തു മണിക്ക് ബ്രാഞ്ചാശ്രമത്തിൽ സന്ന്യാസിസന്ന്യാസിനിമാർ, ആത്മബന്ധുക്കൾ, കൊട്ടാരക്കരയിലെ പൗരപ്രമുഖർ എന്നിവർ പങ്കെടുത്ത പ്രത്യേക സത്സംഗം നടന്നു. ജാതിമതചിന്തകൾക്കതീതമായി പ്രസ്ഥാനങ്ങൾ ജനഹൃദയങ്ങളിൽ സ്ഥാനം നേടണമെന്ന് സത്സംഗത്തിൽ മുഖ്യപ്രഭാഷണം നടത്തിയ ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു. ജനങ്ങളുമായി ചേർന്നുനിൽക്കുമ്പോഴാണ് ഒരു പ്രസ്ഥാനത്തിന് സമഗ്രത കൈവരുന്നത്. ജനവിശ്വാസം ആർജ്ജിക്കാൻ വേണ്ട പ്രവർത്തനങ്ങൾക്കും ആശയപ്രചരണത്തിനും ഓരോ പ്രസ്ഥാനവും ശ്രമിക്കേണ്ട സമയമാണിതെന്നും സ്വാമി പറഞ്ഞു. ഇന്ന് മതവിശ്വാസമെന്നാൽ നിക്ഷിപ്ത താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന പ്രവർത്തിയായി മാറിയിരിക്കുന്നു. അന്ധമായ മതവിശ്വാസമല്ല, എല്ലാ മതങ്ങളിലെയും അന്ത:സത്തയെക്കുറിച്ചറിയുകയാണ് വേണ്ടത്. കാലഘട്ടം ആവശ്യപ്പെടുന്ന ഈ സത്പ്രവർത്തിയാണ് ശാന്തിഗിരി ആശ്രമത്തിൽ നടക്കുന്നത്. പരസ്പരം സ്നേഹിക്കാനും സഹായിക്കാനുമാണ് മതങ്ങൾ പ്രബോധിപ്പിച്ചതെന്ന് മനസ്സിലാക്കാത്തവരാണ് മനസ്സുകളിൽ മതപരമായ മുറിപ്പാടുകൾ സൃഷ്ടിക്കുന്നതെന്നും സ്വാമി കൂട്ടിച്ചേർത്തു.

അന്താരാഷ്ട്ര മനുഷ്യാവകാശ പ്രവർത്തകൻ ഹുസൈൻ സൈനുലാബ്ദീനും യോഗത്തിൽ പ്രഭാഷണം നടത്തി. മതഗ്രന്ഥങ്ങളിലെ നന്മയുടെ പ്രമാണങ്ങൾ വായിക്കാൻ തയ്യാറാകാത്തവരാണ് വർഗ്ഗീയത വളർത്തുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഡോ. ടി.എസ്. സോമനാഥൻ, ഡോ. കെ. എൻ. ശ്യാം പ്രസാദ്, മുരളീശ്രീധർ, കെ. സുഭാഷ് ചന്ദ്രൻ, അനിൽ ചേർത്തല തുടങ്ങിയവരും സംസാരിച്ചു.



ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ബ്രാഞ്ചിനെക്കുറിച്ചുള്ള ഹ്രസ്വചിത്ര സി.ഡി സ്വാമി ചൈതന്യ ജ്ഞാനതപസ്വിയിൽ നിന്നും പി. അയിഷ പോറ്റി എം.എൽ. എ ഏറ്റുവാങ്ങുന്നു

കൊട്ടാരക്കര ആശ്രമത്തിന്റെ നാൾവഴികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഹ്രസ്വചിത്രത്തിന്റെ സിഡി പ്രകാശനം ചടങ്ങിൽ അഡ്വ. പി. ഐഷ പോറ്റി എം.എൽ.എ. നിർവഹിച്ചു. മനുഷ്യനുണ്ടാക്കിയ ജാതി-മത കോട്ടകൾ തകർക്കാൻ തുടക്കം കുറിച്ച യഥാർത്ഥ മതാതീയ ആത്മീയകേന്ദ്രമാണ് ശാന്തിഗിരിയെന്ന് അവർ ചൂണ്ടിക്കാട്ടി. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, എം.എൽ.എ.യിൽ നിന്ന് ആദ്യ സി.ഡി. ഏറ്റുവാങ്ങി. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയാണ് ഹ്രസ്വചിത്രത്തിലെ

*(ശേഷം മൂന്നാം പേജിൽ)*

# ഗുരുവാണി

നിങ്ങൾ ഓരോ വ്യക്തിയും ഓരോ കുടുംബവും എന്തിനുവേണ്ടി ആശ്രമത്തിൽ വന്നു എന്ന് നിങ്ങൾക്ക് ഓർമ്മ വേണം. വന്നുകഴിഞ്ഞ് നില്ക്കണമെന്ന തീരുമാനം എടുക്കുമ്പോൾ എങ്ങനെ ജീവിക്കണം എന്ന് ഒരു കരുതലും നിങ്ങൾക്കു വേണം. നിങ്ങളുടെ കുറവുകൾ കാരണം എന്തെല്ലാം വിഷമങ്ങൾ അനുഭവിക്കേണ്ടി വന്നിരിക്കുന്നു. ഇനി ആശ്രമചിട്ടകൾ അനുസരിച്ച് ജീവിക്കുവാൻ തയ്യാറുള്ളവർ മാത്രം നിന്നാൽ മതി. അതിനു കഴിയാത്തവർ ഇപ്പോൾത്തന്നെ വെളിയിൽ പോകണം.

ഗൃഹസ്ഥാശ്രമികൾക്ക് അവരുടെ കുട്ടികളെപ്പറ്റി ഒരു ഉറപ്പു വേണം. നമ്മുടെ ഇണക്കവും പിണക്കവും കണ്ടിട്ട് കുട്ടികൾ ചീത്തയാവരുത്. ഗുരുപൂജ ചെയ്ത കുടുംബങ്ങളായതുകൊണ്ട് തികച്ചും മനസിലാക്കി ഗൃഹസ്ഥാശ്രമ മീറ്റിംഗിൽ കുട്ടികൾ എങ്ങനെ വേണം എന്ന് തീരുമാനിക്കുകയും അത് അനുസരിച്ച് ജീവിക്കുകയും വേണം. ഗൃഹസ്ഥാശ്രമികളായിട്ട് താമസിച്ചിട്ടുള്ളവർക്ക് ഈ കർമ്മം ചെയ്യാൻ ഈ അവസരം തന്നു. അത് അടുക്കോടെ ചെയ്യാത്തതുകൊണ്ട് അടുക്കായ ഒരു ജീവിതം നിങ്ങൾക്കുണ്ടായില്ല. മാറ്റിനിർത്തിയിരിക്കുന്ന പിതൃക്കൾ യോഗം, കർമ്മം, ജ്ഞാനം, ഭക്തി മുതലായ മുറകളിൽ പോയതാണ്. അവർക്ക് ജന്മം കിട്ടത്തക്കവിധമാണ് ദൈവനിശ്ചയം ഇത് കൊണ്ടുവന്നിരിക്കുന്നത്. അത് നിങ്ങൾ മനസിലാക്കാതെ പ്രവർത്തിക്കരുത്.

യേശുവിന്റെ സിദ്ധാന്തം നടപ്പിലാക്കിയത് അദ്ദേഹമല്ല. ആ സിദ്ധാന്തം നടപ്പാക്കാൻവേണ്ടി മുക്കുവരാണെങ്കിലും അനുയായികൾ അനവധി ത്യാഗം സഹിച്ചു. അവരുടെ ത്യാഗം തലമുറകൾക്ക് മാതൃകയായി. ആ നിലയിൽ നോക്കുമ്പോൾ നമ്മുടെ ആശയത്തിനുവേണ്ടി ആരും ഒരു ത്യാഗവും ചെയ്തിട്ടില്ല. ഓരോരുത്തരുടെയും വിനയത്തിനും യോഗ്യതയ്ക്കുമൊത്ത് മാത്രം മാനിച്ചിട്ട് വിട്ടുകളയുകയാണ് ചെയ്തിട്ടുള്ളത്. വിനയത്തിൽ സത്യസന്ധത പാലിച്ച്, ധൈര്യം സമ്പാദിച്ച് ആരുടെയും അടിമയാകാതെ മാത്രമെ നിങ്ങൾ ഓരോരുത്തരും ഇവിടെ പെരുമാറാവൂ. സ്വന്തം വാക്കിൽ ഏറ്റം പറഞ്ഞ് അടയ്ക്കുന്ന സ്വഭാവം കളഞ്ഞ് വാക്കു നേടി ചോദിച്ചറിഞ്ഞ് ചെയ്തൊതുക്കി പൂർത്തിയാക്കാൻ കഴിയുമെങ്കിൽ അതാണ് ഏറ്റവും നല്ലത്. അല്ലെങ്കിൽ ദൂരവ്യാപകമായ ദോഷങ്ങൾ വരുത്തിവയ്ക്കാനേ അത് ഉതകൂ.

സന്ന്യാസിമാരെ സംബന്ധിച്ച് അവർക്കെല്ലാവർക്കും ജ്ഞാനിയായി ജീവിക്കാൻ പറ്റില്ല. അതേസമയം അവരുടെ അറിവിനൊത്ത് വളർന്നു വന്നാൽ അവരെ പ്രയോജനപ്പെടുത്താനും നമുക്കറിയില്ല. ഇതാണ് അതിന്റെ സത്യം. നമ്മൾ അവരെ തെറ്റ് പറയാൻ മാത്രം കുത്തിയിരുന്നാൽ അവർ എങ്ങനെ തെറ്റ് തിരുത്തും? നമ്മൾ സ്വയം തെറ്റ് തിരുത്തണം. സന്ന്യാസിമാർ അവരുടെ തെറ്റ് തിരുത്തണം. ഇതാണ് അതിന്റെ വശം. അങ്ങനെയല്ലാതെ ഈ തെറ്റുവശം തീരുകയില്ല. അങ്ങനെ തീരുമെന്ന് വേദാന്തകല്പിതം കൊണ്ട് ആരെങ്കിലും പറഞ്ഞാൽ അത് നടക്കാനുള്ള വശമല്ല.

നമുക്ക് ആശ്രമത്തിൽ നിന്ന് എല്ലാവിധത്തിലുള്ള അടിയും കിട്ടിയെന്നു വരാം. അപ്പോൾ ഇട്ടിട്ടുപോകാൻ കഴിയാത്ത സ്നേഹവും ധൈര്യവും ഉണ്ടാകണം. അത് നമ്മുടെ പാപശക്തി ഒഴിക്കലാണ്. വിനയവും അങ്ങനെ സമ്പാദിക്കാം. ഈ വക കാര്യങ്ങൾ ഗുരുവിൽ നിന്നോ ഗുരുപരമ്പരയിൽ നിന്നോ അല്ലാതെ മറ്റെങ്ങും നിന്ന് ലഭിക്കുകയില്ല.

## വചനദീപ്തി

**"ലോകത്തിന്റെ നവവിമോചനകർമ്മകാണ്ഡങ്ങളുടെ ഇരിപ്പിടമായിത്തീരുന്നതിനായി നീയാകുന്ന ബ്രഹ്മനിയോഗം കനിവാർന്ന് സദാ ഞങ്ങളോടൊപ്പം ഉണ്ടായിരിക്കേണമെ."**

**അനശ്വരവാണി**

### സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

2018 ജൂൺ 15 - ജനസേവികപുരം
2018 ജൂൺ 16 - പോത്തൻകോട്

### യാമപ്രാർത്ഥന

2018 ജൂൺ 14
ശാന്തിപുരം, കരുണപുരം, ജനസേവികപുരം

### ജന്മഗൃഹ തീർത്ഥയാത്ര

2018 ജൂൺ 23 ശനി

### പൗർണ്ണമി

2018 ജൂൺ 27 ബുധൻ



# നമ്മൾ ഗുരുവിലേക്ക് ലയിക്കുന്ന വശം ചെയ്തെടുക്കാൻ

അനുഭവരംഗത്ത് ചില ഗൃഹസ്ഥാശ്രമികൾക്കും, ചില വ്യക്തികൾക്കും -ദൂരെനിന്ന് വന്നവർക്കായാലും ഇവിടെ അടുത്തുള്ളവർക്കായാലും ആദ്യമായിട്ട് വന്ന ഒരു വ്യക്തിയായാലും- അവന്റെ ജീവിതപുണ്യം കൊണ്ടും അവന്റെ ആത്മസാക്ഷാത്ക്കാരസ്വഭാവത്തിൽ എവിടെയോ ഗുരു നിന്നു പ്രവർത്തിക്കുന്ന രംഗങ്ങൾ കാണാൻ കഴിയും. ഇതു നമ്മൾ മനസ്സിലാക്കിയിട്ട് സങ്കല്പം മനസ്സിലോർമ്മിച്ച് ശക്തമായിട്ടു ചെയ്യണം. സങ്കല്പത്തിന്റെ രീതി മറ്റൊരു രീതിയാണ്. അത് അർത്ഥമായിട്ടു പറയാൻ കഴിയുകയില്ല. അതുകൊണ്ട് അത് മനസ്സിനകത്ത് വിചാരിച്ചിട്ട് എന്റെ ദോഷവശങ്ങൾ മാറണം, എനിക്കെന്ത് നന്മയാണോ കിട്ടേണ്ടത് അത് കിട്ടേണ്ട സ്ഥാനത്ത് കിട്ടണം, എന്റെ ഗുരുവേ, അപ്പാ, ദൈവമേ, പരബ്രഹ്മമേ....

നമ്മുടെ മനസ്സിന്റെ ഏറ്റവും വലിയ ദുഷിച്ച സ്വഭാവം മാറണം. നമ്മൾ ഗുരുവിലേക്ക് ലയിക്കുന്ന വശം ചെയ്തെടുക്കാൻ നോക്കണം. സകല ഗുലുമാലുകളും അടക്കപ്പെട്ടതാണ് നമ്മുടെ ഈ ശരീരവും ജീവനും. നന്മകളും തിന്മകളും ചിലപ്പോൾ കാണുമായിരിക്കാം. പക്ഷെ ആ നന്മയെ ഉയർത്താൻ നമുക്കു കഴിയണം. അങ്ങനെയുള്ള ഭാവനയിൽ ഞാൻ നല്ലതേ ചെയ്യൂ, നല്ലതേ പ്രവർത്തിക്കൂ എന്ന വഴിയിലും സങ്കല്പത്തിലും ഗുരുവിന്റെ സ്വന്തം മക്കളാകാൻ നാം ശ്രമിക്കണം. അല്ലാതെ ഗുരുവിനെ പ്രാർത്ഥിച്ചിട്ട് അന്യന്റെ സ്വത്താകാൻ നാം ഒരിക്കലും ശ്രമിക്കരുത്. നമ്മുടെ സമ്പത്ത് ഗുരുവിന്റെ ആശയവും ഗുരുവിന്റെ മനസ്സും ഗുരുവിങ്കൽ ദേഹവും എല്ലാമാണെന്ന് വിചാരിച്ചിട്ട് നാം ഈ സങ്കല്പം ശക്തിയായി ചെയ്തെടുക്കണം.

ആശ്രമം എന്നാൽ സന്ന്യസിക്കാനുള്ളതല്ല എന്നും ഉപാധിയില്ലാതെ ശിഷ്യന്റെയെല്ലാം ഏറ്റെടുക്കുന്ന, ശിഷ്യനെത്തന്നെ ഏറ്റെടുക്കുന്ന ഗുരുവിന്റെ മഹാസ്നേഹത്തിനു മുന്നിൽ സർവ്വതും സമർപ്പിച്ച് ലോകത്തിനു മാതൃകയാകേണ്ടുന്ന ഒരു ഗൃഹസ്ഥാശ്രമജീവിതം നയിക്കുന്നതിന് മാർഗ്ഗദർശനം ചെയ്യുന്ന ഇടമാണെന്നും നാം മനസ്സിലാക്കുന്നു. ഗുരുവിന്റെ മഹാകാരുണ്യത്തിന് പാത്രീഭവിക്കാൻ, സകല ലോകമക്കൾക്കും കഴിയുമാറാകണേ എന്ന് ഗുരുവിനോട് പ്രാർത്ഥിക്കുന്നു.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# നമ്മുടെ ആശയത്തെ ലോകത്ത് എത്തിക്കുന്നതിന്

ലോകമെമ്പാടും എത്രയോ നവോത്ഥാന മുന്നേറ്റങ്ങൾ കാലാകാലങ്ങളിൽ നടന്നിരിക്കുന്നു. ഇന്നും നടക്കുന്നു. എന്നാൽ അവയൊന്നും വ്യക്തികളുടെയോ കുടുംബത്തിന്റെയോ നാടിന്റെയോ രക്ഷയ്ക്ക് ഉപകരിക്കാതെ പോയത് എന്തു കൊണ്ടാവാം? കാരണം മറ്റൊന്നുമല്ല. കാലത്തിനൊത്ത ധാർമ്മിക വിഭാവനയുള്ള ശക്തമായൊരു ആശയത്തെ പിൻചെല്ലാത്തതുകൊണ്ടുതന്നെ. കാലം എന്നതുകൊണ്ട് ഈ കലിയുഗത്തെയാണ് ഉദ്ദേശിക്കുന്നത്. ഇവിടെയാണ് ശാന്തിഗിരി ആശ്രമത്തിലെ സാംസ്കാരിക പ്രവർത്തനരംഗം വ്യത്യസ്തമാകുന്നത്.

ദൈവം തന്ന ആശയത്തെ ലോകനന്മയ്ക്കായി കൊടുക്കാൻ ദൈവികമായി തന്നെ ലഭിച്ച ഉപാധിയാണ് ശാന്തിഗിരിയിലെ സാംസ്കാരികരംഗം. ലോകത്ത് ഇന്നുള്ള സകല ദേവീദേവപരമ്പരകളിലും ഋഷിപരമ്പരകളിലും ഗുരുപരമ്പരകളിലും കാലോചിതമല്ലാത്ത ആരാധനാക്രമങ്ങൾകൊണ്ട് വന്നിട്ടുള്ള ദോഷങ്ങളെ നീക്കി അവയുടെ കർമ്മശേഷിയെ ശുദ്ധീകരിച്ച് ലോകനന്മയ്ക്കായി പ്രദാനം ചെയ്യുകയെന്നതാണ് ആശ്രമത്തിലെ സാംസ്കാരിക പ്രവർത്തനത്തിലൂടെ ഗുരു ഉദ്ദേശിക്കുന്നത്. ഇതിനായുള്ള ധാർമ്മിക ഉത്തരവാദിത്വം നിയോഗമായി ലഭിച്ചവരാണ് ഓരോ സാംസ്കാരിക പ്രവർത്തകനും.

ദുഷിച്ചുപോയ സാംസ്കാരികരംഗം ഒരു പ്രതിപ്രവർത്തനത്തിലൂടെ മാത്രമെ ശുദ്ധീകരിക്കാനാവുകയുള്ളൂ. അതിന് ആദ്യം സാംസ്കാരിക നവോത്ഥാനം വരുത്തേണ്ടത് സൂക്ഷ്മത്തിലാണ്. അതിനുശേഷമേ സ്ഥൂലത്തിലെ നവോത്ഥാനശ്രമങ്ങൾ ഫലപ്രദമാകൂ. ആ വിധത്തിലാണ് ഗുരു ശാന്തിഗിരിയുടെ സാംസ്കാരിക പദ്ധതിക്ക് രൂപം നല്കിയിരിക്കുന്നത്.

'യുഗധർമ്മം അനുസരിക്കാതെ പ്രവർത്തിച്ച് സ്ഥാപിച്ചിരിക്കുന്ന പ്രപഞ്ച കർമ്മശേഷിയെ ബ്രഹ്മനിശ്ചയം അനുസരിച്ചുകൊണ്ട് പ്രവർത്തിച്ചെത്തിക്കുന്ന കർമ്മശേഷികൊണ്ട് പുന:സ്ഥാപിക്കുക" ഇതാണ് സാംസ്കാരികരംഗത്തെക്കുറിച്ചുള്ള ഗുരുവിന്റെ വിഭാവന. ബ്രഹ്മപ്രകാശത്തിൽ നിന്നും കാലാകാലങ്ങളിൽ ലഭിച്ച ദർശനങ്ങളും വാക്കുകളുമല്ലാതെ നിലവിലുള്ളതോ കഴിഞ്ഞുപോയതോ ആയ ഒരാശയത്തെയും ഗുരു പിൻപറ്റിയിട്ടില്ല. ഗുരു വെട്ടിത്തുറന്ന പാതയിലൂടെ മാത്രമെ എക്കാലവും നമ്മൾ മുന്നേറാവൂ.

സാംസ്കാരിക പ്രവർത്തനത്തിന് നിയുക്തനാകുന്ന ഓരോ വ്യക്തിക്കും അവശ്യം വേണ്ടുന്ന അടിസ്ഥാന യോഗ്യത ആശ്രമപരിചയവും അനുഭവപരിചയവും ആശയപരിചയവുമാണ്. വിശ്വത്തിന്റെ കാലാന്തര കർമ്മശേഷിയെ മാറ്റി പ്രതിഷ്ഠിക്കുവാൻ ചില ചിട്ടകളും അച്ചടക്കങ്ങളും നമ്മൾ ശീലിക്കുകയും പാലിക്കുകയും ചെയ്യേണ്ടതുണ്ട്. നമ്മുടെ ജന്മാന്തര കർമ്മദോഷങ്ങളും മറ്റു ദുരിതങ്ങളും വിഷമതകളും മാറി ശാന്തിയും സർവ്വവിധ ഐശ്വര്യങ്ങളും പ്രാപ്തമാക്കാൻ ചിട്ടയായ പ്രാർത്ഥന അത്യന്താപേക്ഷിതമാണ്. ആശ്രമത്തിന്റെ എല്ലാ ആദി കാരണങ്ങളും സഫലീകൃതമായിട്ടുള്ളതും ചിട്ടയായ പ്രാർത്ഥനയിലൂടെയാണ്.

ഗുരുവിന്റെ വിഭാവനയിലെ സാംസ്കാരിക ജീവിതത്തിന്റെ അടിത്തറ ഉറപ്പിക്കാൻ നിർദ്ദിഷ്ഠ വ്രതാചരണങ്ങൾ സൂക്ഷിക്കേണ്ടതാണ്. ഗുരു ജന്മം എടുത്തതും ആദിസങ്കല്പത്തിൽ ലയിച്ചതും വ്യാഴാഴ്ച ദിവസമാണ്. അതുകൊണ്ട് വ്യാഴാഴ്ച നമ്മളെ സംബന്ധിച്ചിടത്തോളം പവിത്രമായ ദിനമാണ്. പ്രകൃതിയിലെ ഏറ്റവും വിശേഷപ്പെട്ടതും സുന്ദരവുമായ ദിവസം പൗർണ്ണമിയാണ്. പൗർണ്ണമിക്ക് വ്രതമെടുത്ത് പ്രാർത്ഥനയോടെ ആഘോഷിക്കാൻ പ്രവർത്തകർ ശ്രദ്ധിക്കേണ്ടതുണ്ട്.

വിശ്വാസത്തിന്റെ ദൃഢതയോടെ കർമ്മം ചെയ്ത് പൂർത്തിയാക്കുന്നതാണ് ഗുരുശിഷ്യബന്ധത്തിന്റെ കാതൽ. ഇപ്രകാരം തികഞ്ഞ അവബോധത്തോടെ ജീവിക്കുന്നതിന് പരമ്പരയെ വിശിഷ്യാ യുവതലമുറയെ ബോധവത്കരിക്കുന്ന കർമ്മമാണ് സാംസ്കാരിക പ്രവർത്തകരുടെ പ്രഥമ കർത്തവ്യമായിട്ടുള്ളത്.

സമയമെത്തുമ്പോൾ ലോകജനപദങ്ങളും സാംസ്കാരിക പൊതുജനപ്രസ്ഥാനങ്ങളും ഗവൺമെന്റുകളും നമ്മുടെ സാംസ്കാരിക പ്രസ്ഥാനത്തെ വിലയോടെ അംഗീകരിക്കുകയും എല്ലാറ്റിന്റെയും മാതൃപ്രസ്ഥാനമായി സ്വീകരിക്കുകയും ചെയ്യുമെന്ന് ഗുരു പ്രവചനം ചെയ്തിട്ടുണ്ട്. വിശ്വത്തിന്റെ സാംസ്കാരിക നവോത്ഥാന പ്രവർത്തനത്തിൽ പങ്കാളികളാകാനുള്ള ഭാഗ്യമാണ് ആശ്രമത്തിലെ ഓരോ സാംസ്കാരിക പ്രവർത്തകനും കൈവന്നിരിക്കുന്നത്.

ആരോഗ്യപരിചയം

ഡോ. ശിൽപ പി എസ്
ശാന്തിഗിരി ആയുർവേദ സിദ്ധ ഹോസ്പിറ്റൽ, കുമളി

# വൈറൽ പനിയെ ശമിപ്പിക്കാം, ആയുർവേദത്തിലൂടെ....

ആയുർവേദത്തിൽ 'ജ്വര'ങ്ങളുടെ കൂട്ടത്തിലാണ് വൈറൽ പനിയെ കണക്കാക്കുന്നത്.

**എന്താണ് വൈറൽ പനി....?**

കുട്ടികളിലും മുതിർന്നവരിലും ഒരുപോലെ കണ്ടുവരുന്ന വൈറൽ പനി മനുഷ്യശരീരത്തിലെ പ്രതിരോധശക്തി താളം തെറ്റുമ്പോഴാണ് ഉണ്ടാകുന്നത്. ശരീരത്തിലെ താപനിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളാണ് പനി എന്നു പറയുന്നത്.

**ലക്ഷണങ്ങൾ :**

ഉയർന്ന ശരീര താപനില, അസഹ്യമായ തലവേദന, ശരീരവേദന, കണ്ണിൽ ചൂട് അനുഭവപ്പെടുക, പുളിച്ചുതികട്ടൽ, ഛർദി, സന്ധിവേദന, അതിസാരം മുതലായവ വൈറൽ പനിയുടെ ലക്ഷണങ്ങളാണ്.

മനുഷ്യശരീരത്തിലെ, കുടലിലോ ശ്വാസകോശത്തിലോ ഏതെങ്കിലും തരത്തിലുള്ള ഒരു വൈറൽ അണുബാധമൂലം പനി ഉണ്ടാവാം.

**വൈറൽ പനി പകർച്ച....?**

രോഗം ബാധിച്ച വ്യക്തിയുടെ ശരീരസ്രവങ്ങൾ വഴി വൈറൽ പനി ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്ക് പകരുന്നു- സുരക്ഷിതമല്ലാത്ത രീതിയിൽ തുമ്മുമ്പോഴോ ചുമയ്ക്കുമ്പോഴോ സംസാരിക്കുമ്പോഴോ. പെട്ടെന്നുണ്ടാകുന്ന പനി, വിറയൽ, തലവേദന, ബലക്ഷയം എന്നിവ അനുഭവപ്പെട്ടാൽ ഉടൻ തന്നെ വൈദ്യസഹായം തേടേണ്ടതാണ്. ഇന്ന് പല രോഗങ്ങൾക്കും വൈറൽ പനി ഒരു രോഗലക്ഷണമാണ്. ഡെങ്കിപ്പനി, മലേറിയ, ചിക്കുൻഗുനിയ, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങൾ ഇതിന് ഉത്തമ ഉദാഹരണമാണ്.

**വൈറൽ പനി എങ്ങനെ പ്രതിരോധിക്കാം.....?**

1. കൈകൾ സോപ്പുപയോഗിച്ചോ അല്ലെങ്കിൽ ആന്റിസെപ്റ്റിക്കുകൾ ഉപയോഗിച്ചോ വൃത്തിയായി കഴുകേണ്ടതാണ്.
2. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല ഉപയോഗിച്ച് വായും മൂക്കും മറയ്ക്കുക. തിരക്കേറിയ പ്രദേശങ്ങളിൽ ഇങ്ങനെ ചെയ്യുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വൈറൽ പനി ബാധിതർക്ക് വിശ്രമം അനിവാര്യമാണ്. ആഹാരക്രമത്തിലും വേണ്ടരീതിയിലുള്ള ശ്രദ്ധ പാലിക്കണം.

1. ഇളംചൂടുള്ള കഞ്ഞിരൂപത്തിൽ ആഹാരം സേവിക്കുന്നത് വൈറൽ പനി കാലത്ത് ശരീരത്തിന് വളരെ ഉത്തമമാണ്.
2. പതിവിലും അധികമായി വെള്ളം കുടിക്കുക.
3. ചുക്ക്, കുരുമുളക്, തിപ്പലി തുടങ്ങിയവ ചൂർണ്ണരൂപത്തിൽ ചെറുചൂടുവെള്ളത്തിൽ ചാലിച്ച് ഭക്ഷണത്തിനുശേഷം സേവിക്കുന്നത് പനിയുടെ കാഠിന്യം കുറയ്ക്കും.
4. പനിച്ചു തുടങ്ങിയാൽ ദേഹത്തിന്റെ ചൂടുകൊണ്ട് വൈകാതെ കടുത്ത ദാഹം ഉണ്ടാകും. അതിനാൽ ചുക്ക്, മല്ലി, പർപ്പടകപ്പുല്ല്, ചിറ്റമൃത് മുതലായവയിൽ ഏതെങ്കിലും ഇട്ട് തിളപ്പിച്ച വെള്ളം ഇടയ്ക്കിടെ കുടിക്കുന്നത് ശരീരത്തിന്റെ പ്രതിരോധശക്തിയെ വീണ്ടെടുക്കാൻ സഹായിക്കും.

ആയുർവേദത്തിൽ വിവിധതരത്തിലുള്ള ജ്വരങ്ങളെ ശമിപ്പിക്കാനും രോഗശുദ്ധിവരുത്താനും ശരീരശുദ്ധി വരുത്താനും ഉതകുന്ന ചില ഔഷധക്കൂട്ടുകളെ പറ്റി പറയുന്നുണ്ട്. അതിൽ ചിലത് നമുക്ക് പരിചയപ്പെടാം.

**ഷഡംഗം**

രോഗിക്ക് കുടിക്കുന്നതിനു വേണ്ടി പ്രത്യേകം വിധിച്ചിരിക്കുന്ന ഒരു പാനീയയോഗമാണ് ഷഡംഗം. ചികിത്സ പരിചയമില്ലാത്തവർപോലും ജ്വരത്തിന്റെ പ്രാരംഭത്തിൽ ഷഡംഗം കൊടുക്കുക എന്നൊരു നടപ്പ് കേരളത്തിൽ സർവസാധാരണമാണ്. മുത്തങ്ങക്കിഴങ്ങ്, ചന്ദനം, ചുക്ക്, ഇരുവേലി, പർപ്പടകപ്പുല്ല്, രാമച്ചം എന്നിവകൊണ്ടുണ്ടാക്കുന്ന പാനീയമാണ് ഷഡംഗം. ഇത് ദാഹവും കടുത്ത പനിയും ശമിപ്പിക്കുന്നു.

ഗുഡൂച്യാതി കഷായം, ദ്രാക്ഷാദി കഷായം, മൃദ്വീകാദി കഷായം, പിപ്പല്യാദി കഷായം, അമൃതാദി കഷായം, നിംബാദി കഷായം, രാസ്നാദി കഷായം, പടോലാദി കഷായം, ത്രിഫലാദി കഷായം തുടങ്ങിയ കഷായയോഗങ്ങൾ വൈറൽ പനി തീർത്തും ശമിപ്പിക്കാൻ കഴിവുള്ളവയാണ്.

രോഗം വരുന്നതിനേക്കാൾ നല്ലത് രോഗം വരാതെ സൂക്ഷിക്കുക എന്നതാണ്. കാലത്തിനൊത്ത മാറ്റം നാം ജീവിതത്തിൽ കൊണ്ടുവന്നാൽ ആരോഗ്യമുള്ള മനസ്സും ആരോഗ്യമുള്ള ശരീരവും നമുക്ക് വാർത്തെടുക്കാം.'ലോകാസമസ്താ സുഖിനോ ഭവന്തു' എന്ന പ്രാർത്ഥന സഫലമാകട്ടെ.

# അഭിനന്ദനങ്ങൾ

സി.എം.എ നാഷണൽ ഒളിംപ്യാഡിൽ മെന്റൽ ആന്റ് അബാക്കസ് അരിത്തമെറ്റിക്സിൽ വിജയിയായ സ്നേഹപുരം യൂണിറ്റിലെ നന്മപ്രിയ ആർ.എസ്.



ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം സ്നേഹപുരം യൂണിറ്റ്

# ധന്യത പകർന്ന് തീർത്ഥയാത്ര

*(ഒന്നാം പേജ് തുടർച്ച)*

അവതാരകൻ. യോഗത്തിൽ വച്ച് എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ്ടു പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് ഉപഹാരം നൽകി. കലാപരിപാടികളും ഉണ്ടായിരുന്നു.

രാവിലെ മുതൽതന്നെ അഭിവന്ദ്യ ശിഷ്യപൂജിതയെ സന്ദർശിക്കാൻ ഐഷാ പോറ്റി എം.എൽ.എ. ഉൾപ്പെടെ ജനപ്രതിനിധികളും നൂറുകണക്കിന് ഗുരുഭക്തരും നാട്ടുകാരും ആശ്രമത്തിലെത്തിയിരുന്നു. ഉച്ചക്ക് നടന്ന അന്നദാനത്തിലും വൈകുന്നേരത്തെ ആരാധനയിലും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ആത്മബന്ധുക്കളും നാട്ടുകാരും പങ്കെടുത്തു.

തിങ്കളാഴ്ച രാവിലെ ഒൻപത് മണിയോടെ ഏതാനും ആത്മബന്ധുക്കളുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിനായി അഭിവന്ദ്യ ശിഷ്യപൂജിത ബ്രാഞ്ചാശ്രമത്തിൽ നിന്നും യാത്രതിരിച്ചു. ഒൻപതരയോടെ പുത്തൂർ ജി. നടരാജന്റെ ഭവനമായ 'ഗുരുകാന്തി'യിൽ സന്ദർശനം നടത്തി. അവിടെ നിന്നും ശാസ്താംകോട്ടയിലേക്കു തിരിച്ച ശിഷ്യപൂജിത ചക്കുവള്ളിയിലുള്ള മൂന്ന് ആത്മബന്ധുക്കളുടെ ഭവനങ്ങളും സന്ദർശിച്ചു. പി.വി. വിനുകുമാറിന്റെ 'ഗുരുദാനം', പി.വി. ശക്തികുമാറിന്റെ 'ഗുരുദീപ്തം, കെ. ശിവരാമന്റെ 'വിജയഭവൻ' എന്നീ വീടുകളിലാണ് ശിഷ്യപൂജിത സന്ദർശനം നടത്തിയത്. ഉച്ചയ്ക്ക് 12.40 തിരികെ കൊട്ടാരക്കരയിലുള്ള കാരുവേലിൽ കെ. രമണന്റെ ഭവനമായ 'നിർമ്മലഭവനി'ൽ എത്തിയ ശിഷ്യപൂജിത അവിടെ അല്പസമയത്തെ വിശ്രമത്തിനുശേഷം രണ്ടരമണിയ്ക്ക് കേന്ദ്രാശ്രമത്തിലേക്കു തിരിച്ചു. വൈകുന്നേരം നാലേ മുക്കാൽ മണിയോടെ കേന്ദ്രാശ്രമത്തിൽ മടങ്ങിയെത്തിയ അഭിവന്ദ്യശിഷ്യപൂജിത സഹകരണമന്ദിരത്തിൽ ഉപവിഷ്ടയായി ആത്മബന്ധുക്കളോട് പ്രഭാഷണം നടത്തി. തുടർന്ന് പ്രസാദവിതരണവും നടന്നു.

ഗുരുകല്പനപ്രകാരമുള്ള തീർത്ഥയാത്രയും ഗുരുവിനൊപ്പമുള്ള യാത്രയും പുണ്യാർജ്ജിത കർമ്മമാണ്. ഗുരുതത്ത്വമറിയാതെയുള്ള തീർത്ഥയാത്ര വ്യർത്ഥമാണെന്ന് ശ്രീഗുരുഗീത വെളിപ്പെടുത്തുന്നു. ഗുരു ഒരുക്കിത്തരുന്ന സൗകര്യങ്ങൾ പ്രാർത്ഥനാപൂർവ്വം തൃപ്തിയോടുകൂടി സ്വീകരിച്ച് അനുഭവിച്ചുകൊണ്ട് തീർത്ഥയാത്രയുടെ ഉദ്ദേശ്യശുദ്ധി മറന്നുപോകാതെ ഓരോരുത്തരും ഗുരു തന്ന അവസരം പരമാവധി ഉതകിയെടുക്കുന്നതിനുവേണ്ടിയാണ് തീർത്ഥയാത്രകൾ.

# ദിവംഗതനായി



എൻ. കൃഷ്ണൻ

**തിരുവനന്തപുരം:** ശാസ്തമംഗലം ഇലങ്കംവിള 'നന്ദന'ത്തിൽ എൻ.കൃഷ്ണൻ (92) ജൂൺ 5 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ അശോകകുമാരി. മക്കൾ: കെ. കോമളം, കെ. അരവിന്ദാക്ഷൻ, കെ. അശോകൻ, കെ. സനൽകുമാർ. സർക്കാർ ഉദ്യോഗസ്ഥനായി വിരമിച്ചശേഷം ദീർഘനാൾ ആശ്രമത്തിൽ സേവനം അനുഷ്ഠിച്ചിരുന്നു. പുഷ്പാഞ്ജലി കൗണ്ടറിലും ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാല ഔട്ട്ലെറ്റുകളിലും സേവനം ചെയ്തിട്ടുണ്ട്.

# ശാന്തിഗിരി വിദ്യാഭവൻ എൻ.എസ്.എസ്. ക്യാമ്പ്

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ഒരാഴ്ചത്തെ എൻ. എസ്.എസ്. ക്യാമ്പ് ശ്രദ്ധേയമായി. കരൂർ എൽ.വി.എച്ച്. എസിൽ വച്ച് സംഘടിപ്പിച്ച ക്യാമ്പ് പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. വേണുഗോപാലൻ നായർ ഉദ്ഘാടനം ചെയ്തു. 'വൃത്തി, വെള്ളം, വിളവ്' എന്ന ആശയം അടിസ്ഥാനമാക്കി നടത്തിയ ക്യാമ്പിൽ 40 കുട്ടികൾ പങ്കെടുത്തു.



എൻ. എസ്. എസ്. ക്യാമ്പിൽ നിന്ന്



പരിസ്ഥിതി ദിനാചരണത്തിന് തുടക്കം കുറിച്ച് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി കൊട്ടാരക്കര ബ്രാഞ്ചാശ്രമത്തിൽ ഫലവൃക്ഷത്തൈ നടുന്നു

# വൈവിധ്യമാർന്ന പരിപാടികളോടെ ശാന്തിഗിരിയിൽ പരിസ്ഥിതിദിനാചരണം



ലോക പരിസ്ഥിതി ദിനത്തിൽ സിദ്ധ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ അങ്കണത്തിൽ നടന്ന വൃക്ഷത്തൈ വിതരണം വി.എം. സുധീരൻ ഉദ്ഘാടനം ചെയ്യുന്നു. ജനനി നിശ്ചിത ജ്ഞാനതപസ്വിനി സമീപം.

**സ്പിരിച്വൽ സോൺ:** ലോക പരിസ്ഥിതിദിനാചരണം വൈവിധ്യമാർന്ന പരിപാടികളോടെ ആശ്രമത്തിൽ നടന്നു. ജൂൺ നാലിന് കൊട്ടാരക്കര ബ്രാഞ്ചാശ്രമത്തിൽ നടന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി വൃക്ഷത്തൈ നട്ടുകൊണ്ട് പരിസ്ഥിതി ദിനാചരണത്തിന് തുടക്കം കുറിച്ചു. കൊട്ടാരക്കര ആശ്രമം പരിസ്ഥിതി സൗഹൃദമാക്കുമെന്ന് സ്വാമി പറഞ്ഞു. കേന്ദ്രാശ്രമം ഉൾപ്പെടെയുള്ള എല്ലാ ബ്രാഞ്ചാശ്രമങ്ങളിലും പൂർണ്ണമായും ശാന്തിഗിരി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കും. പ്രകൃതിയെ മുറിവേൽപ്പിക്കാതെയുള്ള പരിസ്ഥിതിസൗഹൃദ നിർമ്മാണങ്ങൾ മാത്രമേ ആശ്രമത്തിൽ നടത്തുകയുള്ളൂവെന്നും സ്വാമി പറഞ്ഞു.

ജൂൺ അഞ്ചിന് വൈകുന്നേരം ആശ്രമം സ്പിരിച്വൽ സോൺ കോൺഫ്രൻസ് ഹാളിൽ നടന്ന പരിസ്ഥിതിദിന സമ്മേളനം വനമുത്തശ്ശി പത്മശ്രീ ലക്ഷ്മിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്തു. പ്രകൃതിയെ നോവിക്കാതെ പ്രകൃതിയുടെ ഭാഗമായി ജീവിക്കുന്നതു സംബന്ധിച്ചും പ്രകൃതിയിൽ നിന്നുള്ള പച്ചിലകൾ മാത്രം ഉപയോഗിച്ചുകൊണ്ട് മാരകരോഗങ്ങൾക്കു പോലും ശമനം വരുത്തുന്ന തന്റെ ചികിത്സാരീതികളെക്കുറിച്ചും ലക്ഷ്മിക്കുട്ടിയമ്മ വിശദീകരിച്ചു. യോഗത്തിൽ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ഡി.എം. കിഷോർ, ഡോ. എ. വാസുകീദേവി, ഡോ. കെ.ആർ.എസ്. നായർ, കെ. ഗോപകുമാർ തുടങ്ങിയവരും സംബന്ധിച്ചു. പരിസ്ഥിതിദിനം കേവലമൊരു അനുഷ്ഠാനമായി മാറിപ്പോകുന്നതു സംബന്ധിച്ച ആശങ്ക യോഗത്തിൽ സംസാരിച്ചവർ പങ്കുവച്ചു.

ജനനി പ്രാർത്ഥനാ ജ്ഞാനതപസ്വിനി, ജനനി മംഗള ജ്ഞാനതപസ്വിനി എന്നിവർ ചേർന്ന് ലക്ഷ്മിക്കുട്ടിയമ്മയെ ശാന്തിഗിരി ആശ്രമത്തിനുവേണ്ടി ആദരിച്ചു. ഡോ. എ. വാസുകീദേവിയും ഡി. പ്രദീപ് കുമാറും അമ്മയ്ക്ക് ഉപഹാരം നല്കി. ആശ്രമത്തിൽ വീണ്ടും എത്തുന്നതിനുള്ള ആഗ്രഹം അറിയിച്ചുകൊണ്ടാണ് ലക്ഷ്മിക്കുട്ടിയമ്മ മടങ്ങിയത്. ആശ്രമമുറ്റത്ത് വൃക്ഷത്തൈ നടുകയും ചെയ്തു.

ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ അങ്കണത്തിൽ മുതിർന്ന കോൺഗ്രസ് നേതാവ് വി.എം. സുധീരൻ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനാചരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ജനനി നിശ്ചിത ജ്ഞാനതപസ്വിനിയും മറ്റ് ചുമതലക്കാരും ചടങ്ങിൽ പങ്കെടുത്തു.

ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കൻഡറി സ്കൂളിലെ പരിസ്ഥിതിദിന പരിപാടികൾ മാണിക്കൽ ഗ്രാമപഞ്ചായത്ത് അംഗം ആർ. സഹീറത്ത് ബീവി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ എസ്. ശ്രീജിത്ത് പങ്കെടുത്തു.

ശാന്തിഗിരി ആശ്രമം തെയ്യാല ബ്രാഞ്ചിൽ നടന്ന പരിസ്ഥിതി ദിനാചരണ പരിപാടിയിൽ ആശ്രമാങ്കണത്തിൽ സ്വാമി മനുചിത്ത് ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ഔഷധസസ്യത്തൈകൾ നട്ടു.

കോട്ടയം ജില്ലയിലെ മാന്നാനത്ത് ശാന്തിഗിരി ആശ്രമവും അപ്പർ കുട്ടനാട് വികസനസമിതിയും സംയുക്തമായി നടത്തുന്ന ഹരിതമാർഗ പദ്ധതിക്ക് ലോക പരിസ്ഥിതി ദിനത്തിൽ തുടക്കമായി. ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ ഔഷധസസ്യങ്ങളും തണൽ മരങ്ങളും വച്ചുപിടിപ്പിക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, പരിസ്ഥിതി ബോധവത്കരണ സദസുകൾ സംഘടിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ പദ്ധതി സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയും ഫാ. ജയിംസ് മുല്ലശേരിയും സംയുക്തമായി ഉദ്ഘാടനം ചെയ്തു.

പരിസ്ഥിതി ദിനത്തിൽ ശാന്തിഗിരി ആശ്രമം നെയ്യാറ്റിൻകര ഏരിയയുടെ ആഭിമുഖ്യത്തിൽ എറിച്ചെല്ലൂർ ഗവ. എൽപി സ്കൂളിൽ വൃക്ഷത്തൈ വിതരണം നടത്തി.

## ആദരവ്



പത്മശ്രീ ലക്ഷ്മിക്കുട്ടിയമ്മയെ പരിസ്ഥിതി ദിനത്തിൽ സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എ. വാസുകിദേവി ആദരിക്കുന്നു

## വിവാഹിതരായി

സ്നേഹപുരം യൂണിറ്റ് തെക്കേയറ്റത്ത് വിളയിൽവീട്ടിൽ കെ. ശശിധരന്റെയും ശാരദയുടെയും മകൻ മോഹൻകുമാറും ഇടുക്കി ജില്ലയിലെ രാജാക്കാട് പരിയാഴത്ത് പി.എൻ. മോഹനന്റെയും ജഗദമ്മയുടെയും മകൾ പി.എം. അനിതയും ജൂൺ 6 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.





കരുണപുരം യൂണിറ്റ് ശാന്തിതീർത്ഥത്തിൽ പി. രവീന്ദ്രൻപിള്ളയുടെയും എ. പി. ഓമനയുടെയും മകൻ ആർ. രാജേഷും തിരുവനന്തപുരം പുളിയൻകോട് ചെമ്പഴന്തി വരദാനം ഭവനത്തിൽ ജി. ശശിധരന്റെയും കെ. രമണിയുടെയും മകൾ ആർ.എസ്. മഞ്ജുളയും ജൂൺ 6 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.

## ഗുരുകാന്തി ട്യൂഷൻ ക്ലാസ്

**എഡ്യൂക്കേഷൻ സോൺ:** 2018-19 അദ്ധ്യയന വർഷത്തിൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ശാന്തിഗിരി ഗുരുകാന്തി ട്യൂഷൻ ജൂൺ 1 മുതൽ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.




## അഭിനന്ദനങ്ങൾ



അഞ്ചാമത് CMA നാഷണൽ മെന്റൽ അരിത്തമാറ്റിക് ഒളിമ്പ്യാഡിൽ (അബാക്കസ്) മൂന്നാം സ്ഥാനം നേടിയ ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥിനി നന്ദ വിനോദ്, CMA സ്ഥാപകനായ തായ് ചിയാങ് ചിങിൽ നിന്ന് ട്രോഫി സ്വീകരിക്കുന്നു

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala